LIBRARY ARCHIVES Kerala Legislative Assembly

11.00 am]

(2) കായലുകളിൽ എക്കൽ അടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പനങ്ങാട്, കുമ്പളം, ഇടക്കൊച്ചി, പെരുമ്പടപ്പ്, കോണം പ്രദേശങ്ങളിലെ വീടുകളിലും പുരയിടങ്ങളിലും റോഡിലും നിരന്തരം വെള്ളം കയറി ആയിരക്കണക്കിന് കുടുംബങ്ങൾ വീടുകളിൽ താമസിക്കാൻ സാധിക്കാതെ കണ്ണീരിലാണ്. ഇവരുടെ പുരയിടങ്ങളിലൊരു പുല്ലുപോലും മുളയ്ക്കാത്ത സ്ഥിതിയാണുള്ളത്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിനുശേഷം കൈതപ്പഴക്കായലിലും വേമ്പനാട് കായൽപ്രദേശങ്ങളിലും എക്കൽ അടിഞ്ഞുകൂടി കായൽ നികന്നുപോയതുകൊണ്ടാണ് ഇത് സംഭവിച്ചിട്ടുള്ളത്. ഈ മേഖലയിൽ മത്സ്യബന്ധനവും ജലഗതാഗതവും അസാദ്ധ്യമായിരിക്കുകയാണ്. ഈ മേഖലയിൽ അടിയന്തരമായി കായൽ ഡ്രഡ്ജ് ചെയ്യാനും അത്യാവശ്യ സ്ഥലങ്ങളിൽ കായൽ ഭിത്തികെട്ടി സംരക്ഷിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി മേശപ്പുറത്തുവയ്ക്കാം*. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള മാലിന്യം, മണ്ണ്, എക്കൽ, മണൽ, പാറ, മരങ്ങൾ എന്നിവയുടെയൊക്കെ മിശ്രിതം മാറ്റുവാനുള്ള പൊതു നിർദ്ദേശം നൽകിയിട്ടുണ്ട്. എക്കൽ മാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ ഇതുവഴി കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ തുക കണക്കാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ശിപാർശയോടുകൂടി ദുരിതാശ്വാസ കമ്മീഷണർക്ക് സമർപ്പിക്കുന്നമുറയ്ക്ക് അനുമതി ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. മാറ്റുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാനായി പ്രത്യേകം സ്ഥലം കണ്ടെത്തി എത്രയും വേഗം ഈ പ്രവൃത്തി നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(3) പുതിയ കെട്ടിടനിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കൽ

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കരയിൽ പ്രവർത്തിക്കുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന ചിത്രകലാ വിദ്യാകേന്ദ്രം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾമൂലം വീർപ്പുമുട്ടുകയാണ്. ചിത്രകലയുടെ കുലപതിയും ഭാരതത്തിന്റെ അഭിമാനവുമായ മഹാനായ രാജാരവിവർമ്മയുടെ നാമധേയത്തിൽ 2010-ലാണ് എൽ.ഡി.എഫ്.

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം - II

(1) അഗ്നിസുരക്ഷാ നിലയത്തിന് പുതിയ കെട്ടിടം എന്ന വിഷയം സംബന്ധിച്ച് ഡോ. എം. കെ. മുനീർ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

നരിക്കുനി അഗ്നിരക്ഷാനിലയം താൽക്കാലികമായി ചെമ്പക്കുന്ന് എന്ന സ്ഥലത്ത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 18 സെന്റ് സ്ഥലം നരിക്കുനി ഗ്രാമപഞ്ചായത്ത് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ബിൽഡിംഗ് പ്ലാൻ കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷന്റെ പരിശോധനയിലാണ്. അത് വേഗത്തിൽ പൂർത്തിയാക്കി കെട്ടിടനിർമ്മാണം ആരംഭിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

(2) കായലുകളിൽ എക്കൽ അടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

2021-ലെ കാലവർഷ-തുലാവർഷ മുന്നൊരുക്കത്തിന്റെ ഭാഗമായുള്ള ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ പ്രളയത്തിൽ വന്ന് അടിഞ്ഞിട്ടുള്ള മാലിന്യം, മണ്ണ്, എക്കൽ, മണൽ, പാറ, മരങ്ങൾ എന്നിവയുടെ മിശ്രിതം മാറ്റുവാനുള്ള പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ അതോറിറ്റികൾക്കും മുൻ വർഷങ്ങളിലുണ്ടായ പ്രളയങ്ങളിലും ഉരുൾപൊട്ടലിലും അടിഞ്ഞുകൂടിയ എക്കൽ മാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുവാൻ ഇതുവഴി കഴിയും. ഇതിനാവശ്യമായ തുക കണക്കാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശയോടെ ദുരിതാശ്വാസ കമ്മീഷണർക്ക് സമർപ്പിക്കുന്നമുറയ്ക്ക് അനുമതി ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കാൻ കഴിയും. ഇതോടൊപ്പം വന്നടിഞ്ഞിട്ടുള്ള മാലിന്യങ്ങൾ മാറ്റി ജലഗതാഗതം സുഗമമാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. മാറ്റുന്ന മാലിന്യങ്ങൾ ഇടാനായി പ്രത്യേകം സ്ഥലം കണ്ടെത്തി എത്രയുംവേഗം ഈ പ്രവൃത്തി നടത്തുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

(3) കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ സംബന്ധിച്ച ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ നൽകിയ മറുപടി

കൊണ്ടോട്ടി താലൂക്കിന് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കണ്ടെത്തിയ റീസർവ്വേ 376/1-ൽപ്പെട്ട 50 സെന്റ് സ്ഥലം നെൽവയൽ ആയതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമിയും കൊണ്ടോട്ടി